Lesson-27
പാഠം – 27

# യേശുവും ശിശുക്കളും
# Jesus And Children

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോട്;
ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്;
ദൈവരാജ്യം ഇങ്ങനെഉള്ളവരുടേതല്ലോ. മർക്കോസ് 10:14

"Let the children come to me and do not hinder
them for the kingdom of God belongs to such as these".
Mark 10:14

**പാഠഭാഗം: മർക്കോസ് 10:13–16**

യേശു സുവിശേഷം അറിയിക്കുവാൻ ഗ്രാമങ്ങൾ തോറും സഞ്ചരിക്കുക പതിവായിരുന്നു. ഇങ്ങനെ ഓരോ ഗ്രാമങ്ങളിൽ ചെല്ലുമ്പോഴും യേശു വന്നിട്ടുണ്ട് എന്നറിഞ്ഞ് ഗ്രാമവാസികൾ യേശുവിന്റെ അടുക്കൽ കടന്നു വരുമായിരുന്നു. അവന്റെ വായിൽ നിന്നുള്ള വചനം കേൾക്കുക, രോഗികളുടെ സൗഖ്യം, അതിശയ പ്രവൃത്തികൾ മുതലായവ കേട്ടും അനുഭവിച്ചും ഒക്കെ അവർ തിരികെ പോകുമായിരുന്നു.

ഒരു ഗ്രാമത്തിലേക്ക് യേശു വരുന്നുണ്ട് എന്ന് അറിഞ്ഞപ്പോൾ ആ ഗ്രാമത്തിലെ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളുമായി യേശുവിന്റെ അടുക്കൽ വന്നു. ഈ അമ്മമാർക്ക് യേശു തങ്ങളുടെ കുഞ്ഞുങ്ങളെ ഒന്ന് തൊട്ട് അനുഗ്രഹിക്കേണം എന്നുള്ള താല്പര്യത്താൽ യേശുവിന്റെ അടുക്കലേക്ക് കടന്നു ചെല്ലുവാൻ ആഗ്രഹിച്ചു.എന്നാൽ വലിയ പുരുഷാരത്തിന്റെ തിരക്കുള്ളതിനാൽ അവരുടെ ഇടയിൽ കൂടെ സ്ത്രീകൾ കുഞ്ഞുങ്ങളുമായി മുമ്പോട്ടു പോകുവാൻ ശ്രമിക്കുന്നതു ശിഷ്യന്മാർ കണ്ടപ്പോൾ അവരെ വിലക്കി. എന്നാൽ യേശു ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ശിഷ്യന്മാർ കുഞ്ഞുങ്ങൾ തന്റെ അടുക്കലേക്കു വരുന്നതു വിലക്കുന്നതുകണ്ടപ്പോൾ ശിഷ്യന്മാരോടായിപ്പറഞ്ഞു " ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ , അവരെ തടയരുത്" എന്ന്. ഇതു കേട്ടു ശിഷ്യന്മാർ വിലക്കുന്നതിൽ നിന്നു പിന്മാറുകയും കുഞ്ഞുങ്ങൾ കൂട്ടമായി യേശുവിന്റെ അടുക്കലേക്കു ഓടി ചെല്ലുകയും ചെയ്തു. തന്റെ അടുക്കൽ വന്ന കുട്ടികളെ യേശു എടുത്തു വാത്സല്യത്തോടെ അവരുടെ തലയിൽ കൈവച്ച് അനുഗ്രഹിച്ചു.

ഇങ്ങനെ അവിടെ കൂടി വന്ന കുഞ്ഞുങ്ങളുടേയും മാതാപിതാക്കളുടേയും ആഗ്രഹം സാധിക്കുകയും അവർ സന്തോഷത്തോടെ മടങ്ങി ഭവനത്തിലേക്ക് പോകുകയും ചെയ്തു.

**സന്ദേശം: യേശു ശിശുക്കളെ സ്നേഹിക്കുന്നു.**

## Bible Portion: Mark 10: 13-16

Jesus used to travel through towns and villages preaching the gospel. Whenever the news of his arrival came, people gathered around to hear Him. They came to hear His words, seeking healing of the sick and expecting miracles in their lives and happily returned home.

Hearing about Jesus coming to their villages, mothers of the village brought their little children before Jesus for him to lay hands on them and bless them. But the disciples stopped those mothers when they tried to make way through the crowd of people to come near Jesus.

Jesus was watching all these and told the disciples "Let the children come to me and do not hinder them. For the kingdom of God belongs to such as these". The disciples suddenly withdrew and the children ran to Jesus with their mothers. He kindly took them in his arms, put his hands upon them and blessed them. Thus the children and parents were pleased that they were blessed by Jesus and went home happily.

**Message: Jesus loves children.**



## പ്രവർത്തനം Activity

ഈ ചിത്രങ്ങൾ തമ്മിൽ 7 വ്യത്യാസങ്ങൾ ഉണ്ട് കണ്ടുപിടിക്കുക

There are 7 differences between these pictures. Find out



**ഒന്ന് പൂർത്തിയാക്കാമോ? Complete?**

മോൻ ബൈബിൾ വായിക്കുന്ന ചിത്രം പൂർത്തിയാക്കി കളർ ചെയ്യാമോ

Complete the picture of the boy who reads the Bible. Colour it



## ഓർമ്മച്ചെപ്പ് Memory C

1. മാതാക്കൾ ശിശുക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതെന്തിന്?
   Why did the mothers bring children to Jesus ?

2. യേശു കുഞ്ഞുങ്ങളെ കണ്ടപ്പോൾ എന്തു ചെയ്തു?
   What did Jesus do when he saw the children?

3. ശിഷ്യന്മാർ തടഞ്ഞപ്പോൾ യേശു എന്തു ചെയ്തു?
   What did Jesus do when the disciples objected?

**കളർ ചെയ്യുക Colour the picture**

